**“ഭരണഭാഷ-മാതൃഭാഷ”**

No. DWCD/2963/2025-ICDSA1

വനിതാ-ശിശുവികസന ഡയറക്ടറുടെ
കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 29-07-2026
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

വനിതാ-ശിശു വികസന ഡയറക്ടർ
തിരുവനന്തപുരം.

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും,
എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും.

സർ,

വിഷയം:- വനിത ശിശുവികസന വകുപ്പ് - ഐസിഡിഎസ് - അങ്കണവാടികൾക്ക് ആവശ്യമായ രജിസ്റ്ററുകളും ഫാറങ്ങളും വാങ്ങുന്നത് - പ്രത്യേകാനുമതി -സംബന്ധിച്ച് :-

സൂചന:- സഉ (സാധാ) നം. 100/2026/PPAD, തീയതി : 22.07.2026

അങ്കണവാടി സർവീസസ് സ്കീമുമായി ബന്ധപ്പെട്ട അടിയന്തര പ്രവൃത്തികൾ തടസ്സപ്പെടാതിരിക്കുവാൻ വേണ്ടി ഒരു 6 മാസത്തേക്ക് മാത്രം, ഫിസിക്കൽ രജിസ്റ്ററുകൾ ഉപയോഗിക്കാവുന്നതാണെന്നും, പ്രസ്തുത കാലയളവിനുള്ളിൽ പോഷൻ ട്രാക്കർ അപ്ഡേഷൻ പൂർത്തിയാക്കി രജിസറ്ററുകൾ പൂർണമായും ഡിജിറ്റൈസ് ചെയ്യേണ്ടതാണെന്ന വ്യവസ്ഥയിലും അത്യാവശ്യമായ ഫോറങ്ങളും രജിസ്റ്ററുകളും മാത്രം അങ്കണവാടി കണ്ടിജൻസിയിൽ (അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ്) ഉൾപ്പെടുത്തി കേരള ഫിനാൻഷ്യൽ കോഡ് രണ്ടാം വാല്യം, Appendix 4, Item No.42 ലെ വ്യവസ്ഥകളും 09.05.2024 ലെ സർക്കുലർ പ്രകാരമുള്ള നിർദ്ദേശങ്ങളും കർശനമായി പാലിച്ചുകൊണ്ട് സർക്കാർ അംഗീകൃത പ്രിന്റിങ് ഏജൻസികൾ /സൊസൈറ്റികൾ / പൊതുമേഖല / സഹകരണമേഖല പ്രസ്സുകൾ /തിരുവനന്തപുരം ജില്ല വികലാംഗക്ഷേമ പ്രിന്റ്റിങ് & ബുക്ക് ബൈന്റിങ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് തുടങ്ങിയവ മുഖേന നിർവ്വഹിക്കുന്നതിന് പ്രത്യേകാനുമതി നൽകി സൂചന പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,

Digitally signed by
A R Rahul
Date: 29-07-2026
15:36:09

**വനിതാ-ശിശു വികസന ഡയറക്ടർക്കുവേണ്ടി**

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുസംഭരണ ഉപദേശകകാര്യ വകുപ്പ്- അങ്കണവാടി കണ്ടിജൻസിയിൽ (അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ്) ഉൾപ്പെടുത്തിയുള്ള രജിസ്റ്ററുകളുടെയും, ഫാറങ്ങളുടെയും പ്രിന്റിംഗ് - സർക്കാർ/ സർക്കാർ അംഗീകൃത പ്രിന്റിംഗ് ഏജൻസികൾ/ സൊസൈറ്റികൾ/ പൊതുമേഖല/ സഹകരണ പ്രസ്സുകൾ/ തിരുവനന്തപുരം ജില്ലാ വികലാംഗ ക്ഷേമ പ്രിന്റിംഗ് ആന്റ് ബുക്ക് ബയന്റിംഗ് ഇൻഡസ്ട്രിയൽ കോ ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് തുടങ്ങിയവ മുഖേന നിർവഹിക്കുന്നതിനുള്ള പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുസംഭരണ ഉപദേശകകാര്യ (സി) വകുപ്പ്

സ.ഉ.(സാധാ) നം.100/2026/PPAD  തീയതി,തിരുവനന്തപുരം, 22-07-2026

---

പരാമർശം:-

1. 09.05.2024 ലെ എസ് പി ഡി-സി3/216/2022-എസ് പി ഡി നമ്പർ സർക്കുലർ
2. 29.03.2025 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 12/2025/PPAD
3. വനിത ശിശു വികസന ഡയറക്ടറുടെ 27.09.2025 ലെ DWCD/2963/2025-ICDSA1 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

സർക്കാരിന്റെ അച്ചടിജോലികൾ അച്ചടിവകുപ്പിന്റെ നിയന്ത്രണത്തിലുള്ള സർക്കാർ പ്രസ്സുകൾ മുഖേന നിർവ്വഹിക്കണമെന്ന കർശനനിർദ്ദേശം പാലിക്കുന്നതിനായി പരാമർശം (1) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

2. സർക്കാർ പ്രസ്സിലൂടെ പ്രിന്റിംഗ് നിർവ്വഹിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടെന്ന് ഭരണ വകുപ്പ് മുഖേന അറിയിച്ചിരുന്ന സാഹചര്യത്തിലും, ഈ വിഷയവുമായി ബന്ധപ്പെട്ട കേസ് ബഹു.ഹൈക്കോടതിയിൽ നിലനിൽക്കുന്ന സാഹചര്യത്തിലും അങ്കണവാടി കണ്ടിജൻസിയിലുൾപ്പെടുത്തിയിട്ടുള്ള (അഡ്മിനിസ്ട്രേറ്റീവ് എക്സ്റ്റെൻസ്) പ്രിൻ്റിംഗ് വർക്കുകൾ 2024-25 സാമ്പത്തിക വർഷം മാത്രം സർക്കാർ/സർക്കാർ അംഗീകൃത പ്രിന്ററിംഗ് ഏജൻസികൾ/ സൊസൈറ്റികൾ/ പൊതുമേഖല/സഹകരണ പ്രസ്സുകൾ/തിരുവനന്തപുരം ജില്ലാ വികലാംഗ ക്ഷേമ പ്രിന്ററിംഗ് ആന്റ് ബുക്ക് ബയന്റിംഗ് ഇൻഡസ്ട്രിയൽ കോ.ഒപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് / തുടങ്ങിയവ മുഖാന്തിരം കേരള ഫിനാൻഷ്യൽ കോഡ് രണ്ടാം വാല്യം, Appendix 4. Item No.42 ലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് നിർവ്വഹിക്കുന്നതിനുള്ള പ്രത്യേക അനുമതി നൽകി പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു.

3. അതുപോലെ 2025-2026 സാമ്പത്തിക വർഷത്തെയും, തുടർന്നുള്ള വർഷങ്ങളിലെയും അങ്കണവാടി കണ്ടിജൻസിയിൽ (അഡ്നിസ്ട്രേറ്റീവ് എക്സ്റ്റെൻസ്) ഉൾപ്പെടുത്തിയുള്ള രജിസ്റ്ററുകളുടേയും, ഫാറങ്ങളുടേയും പ്രിന്റിംഗ് സർക്കാർ/സർക്കാർ അംഗീകൃത പ്രിന്റിംഗ്

ഏജൻസികൾ/ സൊസൈറ്റികൾ/ പൊതുമേഖല/സഹകരണ പ്രസ്സുകൾ / തിരുവനന്തപുരം ജില്ലാ വികലാംഗ ക്ഷേമ പ്രിന്റിംഗ് ആന്റ് ബുക്ക് ബയന്റിംഗ് ഇൻഡസ്ട്രിയൽ കോ ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് തുടങ്ങിയവ മുഖാന്തിരം നിർവ്വഹിക്കുന്നതിനുള്ള പ്രത്യേകാനുമതി നൽകണമെന്ന് പരാമർശം (3) പ്രകാരം വീണ്ടും വനിത ശിശു വികസന ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

4. പ്രസ്തുത വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. അങ്കണവാടി സർവീസസ് സ്കീമുമായി ബന്ധപ്പെട്ട അടിയന്തര പ്രവൃത്തികൾ തടസ്സപ്പെടാതിരിക്കുവാൻ വേണ്ടി ഒരു **6 മാസത്തേക്ക്** മാത്രം, ഫിസിക്കൽ രജിസ്റ്ററുകൾ ഉപയോഗിക്കാവുന്നതാണെന്നും, പ്രസ്തുത കാലയളവിനുള്ളിൽ പോഷൻ ട്രാക്കർ അപ്ഡേഷൻ പൂർത്തിയാക്കി രജിസറ്ററുകൾ പൂർണമായും ഡിജിറ്റൈസ് ചെയ്യേണ്ടതാണെന്ന വ്യവസ്ഥയിലും അത്യാവശ്യമായ ഫോറങ്ങളും രജിസ്റ്ററുകളും മാത്രം അങ്കണവാടി കണ്ടിജൻസിയിൽ (അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ്) ഉൾപ്പെടുത്തി കേരള ഫിനാൻഷ്യൽ കോഡ് രണ്ടാം വാല്യം, Appendix 4, Item No.42 ലെ വ്യവസ്ഥകളും പരാമർശം (1) സർക്കുലർ പ്രകാരമുള്ള നിർദ്ദേശങ്ങളും കർശനമായി പാലിച്ചുകൊണ്ട് സർക്കാർ അംഗീകൃത പ്രിന്റിങ് ഏജൻസികൾ /സൊസൈറ്റികൾ / പൊതുമേഖല / സഹകരണമേഖല പ്രസ്സുകൾ / തിരുവനന്തപുരം ജില്ല വികലാംഗക്ഷേമ പ്രിന്റിങ് & ബുക്ക് ബൈന്റിങ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് തുടങ്ങിയവ മുഖേന നിർവ്വഹിക്കുന്നതിന് പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

1. ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്, തിരുവനന്തപുരം ( വനിത- ശിശുവികസന വകുപ്പ് മുഖേന )
2. ഡയറക്ടർ, അച്ചടി വകുപ്പ് , തിരുവനന്തപുരം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/II) കേരളം, തിരുവനന്തപുരം
5. ധനകാര്യ വകുപ്പ് (No.2987523/WCD-1/2025/Fin തീയതി 11.03.2026)
6. ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ) ഐ & പി ആർ ഡി
7. സ്റ്റോക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Digitally signed by
Seetha K M
Date: 22-07-2026
18:04:32
സെക്ഷൻ ഓഫീസർ